(ബി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന, ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ന്യൂനപക്ഷ മതവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള വിവിധ വികസന/ക്ഷേമ പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവുമാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യം. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, കേന്ദ്ര-സംസ്ഥാന സർക്കാർ, പൊതുമേഖലാ സർവ്വീസുകളിൽ ന്യൂനപക്ഷ തൊഴിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സഹായകമായ പദ്ധതികൾ എന്നിവ നടപ്പാക്കലും വകുപ്പ് ലക്ഷ്യമിടുന്നു.

ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംസ്ഥനതല ത്തിലുള്ള ഏകോപനവും നിയന്ത്രണവും മേൽനോട്ടവും പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന് കീഴിൽ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് നിർവ്വഹിക്കുന്നു. ജില്ലാതലത്തിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ന് കീഴിൽ ഒരു ന്യൂനപക്ഷ സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലകളിലെ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം ജീവനക്കാരെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരിപ്പിച്ചുവരുന്നു. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട, മറ്റുവകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. സംസ്ഥാനതലത്തിൽ ഡയറക്ടറേറ്റ് വികാസ് ഭവനിൽ പ്രവർത്തിച്ചുവരുന്നു. ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

ന്യൂനപക്ഷക്ഷേമവകുപ്പ് മുഖേനയുള്ള പദ്ധതികൾ

127 (T 1496) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ന്യൂനപക്ഷക്ഷേമവകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യ പരിശീലനം നൽകുന്ന എത്ര സ്ഥാപനങ്ങളാണ് കോഴിക്കോട് ജില്ലയിലുള്ളതെന്ന് വിശദ മാക്കാമോ ;

(സി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമെന്നനിലയിൽ ദൂരപരിധിയിൽ ഇളവു നൽകി ജില്ലയിൽ പുതിയ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ന്യൂനപക്ഷക്ഷേമവകുപ്പ് മുഖേന നടപ്പുവർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയും പെൻഷൻ പദ്ധതിയും
2. മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ
3. സി.എച്ച്. മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്
4. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി
5. സ്വകാര്യ ഐ.റ്റി.ഐ.-യിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം
6. വിധവ/വിവാഹ ബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി
7. ചാർട്ടേർഡ് അക്കൗണ്ടൻസി/കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്
8. കരിയർ ഗൈഡൻസ് പരിശീലനം
9. ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഹ്രസ്വകാല ഗവേഷണത്തിന് ഫെല്ലോഷിപ്പ് നൽകുന്നതിനുള്ള പദ്ധതി
10. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്നവർക്ക് കോഴ്സ് ഫീസ്/ഹോസ്റ്റൽ ഫീസ് റീ-ഇംബേഴ്സ്മെന്റ്
11. ഉറുദു ഒന്നാം ഭാഷയായെടുത്ത് 2012-13 വർഷത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്

LIBRARY ARCHIVES Kerala Legislative Assembly

12. മദ്രസ്സാദ്ധ്യാപകർക്കും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹ ധനസഹായ പദ്ധതി

13. മദ്രസ്സാ ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് തുടങ്ങിയവ

(ബി) കോഴിക്കോട് ജില്ലയിൽ മുസ്ലിം യുവജനതയ്ക്കായുള്ള ഒരു പരിശീലന കേന്ദ്രവും ഒരു സബ്സെന്ററും പ്രവർത്തിച്ചുവരുന്നു.

(സി) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

കുട്ടനാട് പാക്കേജ്

128 (1497) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പതിമൂന്നാം ധനകാര്യ കമ്മിഷൻ, കുട്ടനാട് പാക്കേജിനായി അനുവദിച്ച തുക എത്രയെന്നും ചെലവായത് എത്രയെന്നും അറിയിക്കുമോ ; ഇതിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതമെത്രയാണ് ;

(സി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിനായി അനുവദിച്ചത് 300 കോടി രൂപയാണ്. ഇതിൽ നാളിതുവരെ 193.7073 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്.*

(ബി) 100 ശതമാനം കേന്ദ്ര വിഹിതമാണ്.

(സി) കുട്ടനാട് പാക്കേജിലെ പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി മൂന്ന് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കാർഷികോൽപ്പാദന കമ്മീഷണർ എന്നിവർ തലവൻമാരായ ടി കമ്മിറ്റികൾ യോഗങ്ങൾ കൂടുകയും പദ്ധതി നടപ്പിലാക്കുന്ന വിവിധ വകുപ്പ് മേധാവികൾക്ക് പദ്ധതികളുടെ സയുക്തികമായ നിർവ്വഹണത്തിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക് പുറമേ ബഹുമാനപ്പെട്ട

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly